പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 286 — 28/11/2018-ൽ മറുപടിക്ക്

**മാവൂർ ഗ്രാമപഞ്ചായത്തിൽ പി.എച്ച്.സി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പി.ടി.എ. റഹീം** | | **ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ** (ആരോഗ്യവും സാമൂഹ്യനീതിയും വനിതാ ശിശു വികസനവും വകുപ്പമന്ത്രി) | |
| എ) | ചെറൂപ്പയിൽ മെഡിക്കൽ കോളേജിന്റെ എക്സ്റ്റൻഷൻ സെന്റർ പ്രവർത്തിക്കുന്നു എന്ന കാരണത്താൽ മാവൂർ ഗ്രാമപഞ്ചായത്തിൽ ഇതുവരെയും പി.എച്ച്.സി. അനുവദിച്ചിട്ടില്ല എന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ഉണ്ട് |
| ബി) | പി.എച്ച്.സി.യുടെ അഭാവം മാവൂർ ഗ്രാമപഞ്ചായത്തിലെ ആരോഗ്യപരിപാലന കാര്യങ്ങൾ ഏകോപിപ്പിക്കുന്നതിൽ പ്രയാസം സൃഷ്ടിക്കുന്നു എന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; | ബി) | ഉണ്ട് |
| സി) | 37529/FW1/2014/H&FWD ഫയലിൻ മേൽ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | സി) | മാവൂർ ഗ്രാമപഞ്ചായത്തിൽ പ്രാഥമിക ആരോഗ്യ കേന്ദ്രം അനുവദിക്കണമെന്നാവശ്യപ്പെട്ട് ശ്രീ.പി.റ്റി.എ റഹീം എം.എൽ.എ 06/08/2014 ൽ നൽകിയ കത്ത് 37529/FW1/2014/H&FWD. നമ്പർ ഫയലിൽ പരിശോധിക്കുകയും ആരോഗ്യ വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് ആവശ്യപ്പെടുകയുമുണ്ടായി. റിപ്പോർട്ട് ലഭിച്ചതിനെ തുടർന്ന് ഈ വിഷയം FW1/602/2017/H&FWD എന്ന ഫയലിൽ പരിശോധിക്കുകയും പുതിയ PHC തുടങ്ങുന്നതിനു തസ്തിക സൃഷ്ടിക്കേണ്ടതുണ്ടതിനാലും നിലവിൽ ആർദ്രം പദ്ധതി പ്രകാരമുള്ള തസ്തികകൾ മാത്രമാണ് ആരോഗ്യവകുപ്പിൽ സൃഷ്ടിക്കുന്നത് എന്നതിനാലും മാവൂർ പഞ്ചായത്തിൽ പി.എച്ച്.സി ആരംഭിക്കണമെന്ന ആവശ്യം പരിഗണിക്കാൻ നിർവാഹമില്ല എന്ന വിവരം ബഹു. എം.എൽ.എയെ 06/01/2018 തീയതിയിലെ കത്ത് പ്രകാരം അറിയിക്കുകയും ചെയ്തിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.) |

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

**ആരോഗ്യ കുടുംബക്ഷേമ (എഫ്.ഡബ്ല്യു) വകുപ്പ്**

നം.602/എഫ്.ഡബ്ല്യു1/2017/ആ.ക.വ.

തിരുവനന്തപുരം,
തീയതി 06/01/2018

പ്രേഷകൻ
അഡീഷണൽ ചീഫ് സെക്രട്ടറി

സ്വീകർത്താവ്
അഡ്വ. പി.ടി.എ റഹിം, എം.എൽ.എ
മിസ്ബാ, കൊടുവള്ളി പി.ഒ.
കോഴിക്കോട് 673572

സർ,

വിഷയം: - ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - മാവൂർ പി.എച്ച്.സി. - കാൻസർ സെന്ററിന് വിട്ടു കിട്ടിയ സ്ഥലത്ത് ആരംഭിക്കുന്നതിനു നടപടി സ്വീകരിക്കുന്നത് - സംബന്ധിച്ച്.

സൂചന: - താങ്കളുടെ 06/06/2017 ലെ കത്ത്.

*****

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. പുതിയ PHC തുടങ്ങുന്നതിനു തസ്തിക സൃഷ്ടിക്കേണ്ടതുണ്ട്. നിലവിൽ ആർദ്രം പദ്ധതി പ്രകാരമുള്ള തസ്തികകൾ മാത്രമാണ് ആരോഗ്യവകുപ്പിൽ സൃഷ്ടിക്കുന്നത്. ആയതിനാൽ മാവൂർ പഞ്ചായത്തിൽ പി.എച്ച്.സി ആരംഭിക്കണമെന്ന ആവശ്യം ഇപ്പോൾ പരിഗണിക്കാൻ നിർവാഹമില്ല എന്ന വിവരം താങ്കളെ അറിയിച്ചുകൊള്ളുന്നു.

വിശ്വസ്തതയോടെ

കെ.ബി. ബാഹുലേയൻ
അഡീഷണൽ സെക്രട്ടറി
അഡീഷണൽ ചീഫ് സെക്രട്ടറിക്കുവേണ്ടി